LIBRARY ARCHIVES Kerala Legislative Assembly

## സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിലൂടെ ലഭ്യമാക്കാൻ നടപടി

172 (1930) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിലൂടെ നൽകാമെന്ന വാഗ്ദാനം പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർട്ടിഫിക്കറ്റുകൾ എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാവുന്നത് :

(സി) ഈ സേവനം ജനങ്ങളിൽ എത്തിക്കാനായി എന്തെല്ലാം പ്രചരണങ്ങൾ നടത്തിയിട്ടുണ്ട് ?

ഉത്തരം

(എ) ഓൺലൈനായി ജനന-മരണ സർട്ടിഫിക്കറ്റുകൾ നല്കി തുടങ്ങിയിട്ടുണ്ട്. ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ എല്ലാ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും വെബ്സൈറ്റിലൂടെ നൽകുന്നതിനുള്ള പ്രവർത്തനം ഇൻഫർമേഷൻ കേരള മിഷനിൽ ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) നിയമപരമായ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

(സി) മാധ്യമങ്ങൾ, സിനിമാതിയേറ്റർ, കുടുംബശ്രീ, ഗ്രാമസഭ, അയൽക്കൂട്ടം, ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡ്, പഞ്ചായത്ത്രാജ് മാസിക എന്നിവ മുഖേന വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## പഞ്ചായത്ത് ജീവനക്കാരുടെ പ്രൊമോഷൻ

173 (1931) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ ഏതെങ്കിലും വിഭാഗത്തിലെ ജീവനക്കാരുടെ പ്രൊമോഷൻ നടപടികൾ നിർത്തിവച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് തരം ജീവനക്കാരുടെ പ്രൊമോഷനാണ് നിർത്തിവച്ചത് ; ഇത് എന്നു മുതലായിരുന്നു ;

(സി) പ്രസ്തുത ജീവനക്കാരുടെ പ്രൊമോഷൻ നിർത്തിവച്ചത് പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരുടെ പ്രൊമോഷൻ നടപടികൾ നിർത്തിവച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.